# മഹാത്മാഗാന്ധി സർവ്വകലാശാല

Draft #3 of File 77352/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 09-May-2021 11:55 AM - Page 1

77352/AC A1-3/2021/ACAD
09.05.2021

പ്രിയദർശിനി ഹിൽസ്

## പരിപത്രം

വിഷയം : ഉന്നത വിദ്യാഭ്യാസവകുപ്പ് 2021-ലെ മധ്യവേനൽ അവധി നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് .

സൂചന : സ .ഉ.(സാധാ)നം .597 / 2021 / ഉ. വി .വ തീയതി: 16.04.2021

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21ലെ അധ്യയനവർഷം വളരെ വൈകി മാത്രം ആരംഭിച്ച സാഹചര്യത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നതിനും വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനും മുൻഗണന നൽകേണ്ടതിനാൽ, സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും 2021-ലെ മധ്യവേനൽ അവധി നല്കുന്നത് സംബന്ധിച്ച് മേൽ സൂചന പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1.പാഠ്യഭാഗങ്ങൾ കൃത്യമായി പഠിപ്പിച്ചു തീർക്കുക എന്നത് അദ്ധ്യാപകരുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. ഇതിനായി അദ്ധ്യാപകർ ഓൺലൈനിൽ ക്ലാസുകൾ നടത്തി പാഠ്യഭാഗങ്ങൾ പൂർത്തിയാക്കേണ്ടതാണ് .
2. പ്രാക്ടിക്കൽ ക്ലാസ്സുകൾ, കോവിഡ് മാനദണ്ഡം പാലിച്ച് ഓഫ് ലൈൻ രീതിയിൽ കൃത്യമായി നടത്തുന്നതിനുള്ള സജ്ജീകരണം പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ് .
3. വെക്കേഷൻ ക്ലാസ്സുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ പ്രിൻസിപ്പൽമാർ കൃത്യമായും സമയബന്ധിതമായും വകുപ്പ് അധ്യക്ഷന്മാർക്ക് നൽകേണ്ടതാണ് .
4.ഇക്കാലയളവിൽ ക്ലാസ്സുകൾ നടത്തുന്നതിലേക്കായി പ്രത്യേക പ്രതിഫലം അനുവദിക്കുന്നതല്ല .
5. പാഠ്യഭാഗങ്ങൾ പൂർത്തീകരിക്കുന്നതിന് ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം അനിവാര്യമാണെങ്കിൽ അവർക്ക് പ്രതിഫലം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിച്ചത് സംബന്ധിച്ച മാനദണ്ഡം സ്ഥാപനമേധാവികൾ വകുപ്പ് അധ്യക്ഷന്മാർക്ക് സമർപ്പിക്കേണ്ടതാണ് .

കാഞ്ചന എൻ. നായർ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ് :

1. അഫിലിയേറ്റഡ് കോളേജുകൾ /പഠനവകുപ്പുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4 . എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5 . ഐ.ക്യു .എ.സി/എ.സി.സി.1/ എ.സി.സി.2/ റെക്കോർഡ്സ് സെക്ഷൻ

6 . പി.ആർ.ഒ സെക്ഷൻ /കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്

7 .സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #3 of File 77352/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 09-May-2021 11:55 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം